പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1634 | | 12.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **വേസ്റ്റ് ടു എനർജി പ്ലാന്റ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ഡി.കെ. മുരളി** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കോഴിക്കോട് ഞെളിയൻ പറമ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) & (ബി) & (സി) | കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആഗോള ടെൻഡർ 2018 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് നൽകേണ്ട താരിഫ് റേറ്റിനെ അടിസ്ഥാനമാക്കിയാണ് ടെൻഡറുകൾ സമർപ്പിക്കേണ്ടിയിരുന്നത്. ടെൻഡർ നടപടികളുടെ ഭാഗമായി നടന്ന പ്രീ ബിഡ് മീറ്റിംഗിൽ ഒൻപതു കമ്പനികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. മീറ്റിംഗിൽ പങ്കെടുത്ത ഭൂരിഭാഗം കമ്പനികളും ആവശ്യപ്പെട്ടതനുസരിച്ച് ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടിനൽകിയെങ്കിലും പദ്ധതിയ്ക്കായി ഒരു കമ്പനിയിൽ നിന്നും ടെൻഡറുകൾ ലഭ്യമായില്ല.<br>ഈ സാഹചര്യത്തിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള R.F.P. document-ൽ ഭേദഗതികൾ വരുത്തുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതി തീരുമാനിച്ചതനുസരിച്ച് ഒരു ടൺ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് കമ്പനിയ്ക്ക് നൽകേണ്ട 'ടിപ്പിംഗ് ഫീസ്' ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള അടിസ്ഥാനമായി തീരുമാനിച്ചു.<br>22.11.2018 ലെ സ.ഉ.(കൈ) 174/2018/തസ്വഭവ സർക്കാർ ഉത്തരവിലൂടെ പുതുക്കിയ R.F.P. document-ന് സർക്കാർ അംഗീകാരം നൽകുകയും കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ വീണ്ടും പ്രസിദ്ധപ്പെടുത്തുകയും ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s Zonda Infratec Pvt. Ltd. എന്ന സ്ഥാപനം പദ്ധതിയ്ക്കായി ടെൻഡർ സമർപ്പിക്കുകയും ചെയ്തു. ഒരു ടൺ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് 3863 രൂപയാണ് കമ്പനി ക്വോട്ട് ചെയ്തത്. ആയത് നെഗോസിയേഷനിലൂടെ 3500 രൂപ/ടൺ ആയി തീരുമാനിക്കുകയും 14.05.2019 ലെ സ.ഉ.(കൈ)നം.50/2019/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ആയതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തു. സർക്കാർ അംഗീകാരത്തിനനുസൃതമായി മേൽപ്പറഞ്ഞ കമ്പനിയെ പദ്ധതി നടത്തിപ്പിനായി നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതി തുടങ്ങുന്നതിനാവശ്യമായ അനുമതികളും ക്ലിയറൻസുകളും ലഭ്യമായിക്കഴിഞ്ഞാലുടൻ തന്നെ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് 24 മാസത്തിനുള്ളിൽ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ; | | |
| (സി) | പ്രസ്തുത പ്ലാന്റ് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ